"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് - എറണാകുളം ഫോർട്ട് കൊച്ചി സാന്റാക്രൂസ് എച്ച്.എസ്.എസ് ലെ എച്ച്.എസ്.എസ്.ടി- ജൂനിയർ (മാത്തമാറ്റിക്സ്) ശ്രീ.ജോസ് അനൂബ്.എം.എസ് സർക്കാരിൽ സമർപ്പിച്ചിട്ടുളള റിവിഷൻ ഹർജി തീർപ്പാക്കിയും ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുളള WP(C)No.46140/2024 മേലുളള വിധിന്യായം നടപ്പിലാക്കിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2744/2025/GEDN തീയതി,തിരുവനന്തപുരം, 21-04-2025

---

പരാമർശം:-
1) ശ്രീ.ജോസ് അനൂബ്.എം.എസ് 19.12.2024 ൽ സർക്കാരിൽ സമർപ്പിച്ചിട്ടുളള റിവിഷൻ ഹർജി.
2) WP(C) 46140/2024 നമ്പർ കേസിലെ 20.12.2024 ലെ വിധിന്യായം.
3) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 01.02.2025 ലെ എച്ച്.എസ്.ഇ/527/2025-എ.സി.ഡി.എ1 നമ്പർ കത്ത്.
4) എറണാകുളം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ 08.02.2025 ലെ ആർ.ഡി.ഡി. എച്ച്.എസ്.ഇ/ഇ.കെ.എം/225/2025-എ6 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം കൊച്ചിൻ ഡയോസിസ് കോർപ്പറേറ്റ് മാനേജ്മെന്റിനു കീഴിലുള്ള ഫോർട്ട് കൊച്ചി സാന്റാക്രൂസ് എച്ച്.എസ്.എസ്. ലെ എച്ച്.എസ്.എസ്.റ്റി-ജൂനിയർ (മാത്തമാറ്റിക്സ്) ശ്രീ ജോസ് അനൂബ് എം.എസ്. തന്റെ 07.07.2023 മുതലുള്ള നിയമനം അംഗീകരിക്കുന്നതിനായി സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയും തുടർന്ന് ബഹു. ഹൈക്കോടതിയിൽ WP(C)No. 46140/2024 പ്രകാരം കേസ് ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസ് പരിഗണിച്ച ബഹു. കോടതി ഹർജിക്കാരനും മറ്റു ബന്ധപ്പെട്ട കക്ഷികൾക്കും ഹിയറിംഗിന് അവസരം നൽകി പരാമർശം (1) റിവിഷൻ ഹർജിയിൽ (എക്സിബിറ്റ് പി10) നാലു മാസത്തിനകം തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ച് പരാമർശം (2) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ടി റിവിഷൻ ഹർജിയിൽ തീരുമാനമാകുന്നതു വരെ ഹർജിക്കാരന് താഴ്ന്ന തസ്തികയിലെ ശമ്പളം തുടർന്നു നൽകുന്നതിനും ബഹു. കോടതി നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത വിധിന്യായത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരനും ബന്ധപ്പെട്ട മറ്റു കക്ഷികൾക്കും ഹിയറിംഗിന് അവസരം നൽകി.

2. ഹർജിക്കാരന്റെ വാദങ്ങൾ ചുവടെ പറയും പ്രകാരമാണ്:-

ഹർജിക്കാരനായ തന്നെ സ്ഥാനക്കയറ്റ നിയമനം വഴി എച്ച്.എസ്.ടി തസ്തികയിൽ

നിന്നും എച്ച്.എസ്.എസ്.ടി ജൂനിയർ (ഗണിതം) തസ്തികയിലേയ്ക്ക് മാനേജർ മാറ്റി നിയമിച്ചുവെങ്കിലും തന്റെ നിയമനാംഗീകാരം RDD യുടെ പരിഗണനയിലിരിക്കെ, ടി മാനേജ്മെന്റിലെ മറ്റൊരു അദ്ധ്യാപിക എച്ച്.എസ്.എസ്.ടി-ജൂനിയർ (കെമിസ്ട്രി) തസ്തികയിലേയ്ക്ക് അവകാശവാദം ഉന്നയിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച നിവേദനത്തിന്മേൽ ബഹു. കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച്, ഈ വിഷയത്തിൽ തന്നെ നേരിൽ കേൾക്കാതെ തന്റെ സ്ഥാനക്കയറ്റ നിയമനാംഗീകാരം റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിലാണ് നിലവിലെ റിട്ട് ഹർജി ഫയൽ ചെയ്തിട്ടുള്ളത്. ടി സ്കൂളിൽ വിവിധ വിഷയങ്ങൾക്കായി എച്ച്.എസ്.എസ്.ടി ജൂനിയർ തസ്തികയിൽ 25 ഒഴിവുകൾ ഉണ്ടായിരുന്നതിനാൽ ബൈട്രാൻസ്ഫർ നിയമനത്തിന് 25% അധികരിയ്ക്കാൻ പാടില്ല (25:75) എന്ന കാര്യം പരിഗണിയ്ക്കുമ്പോൾ 7 തസ്തികകൾ തസ്തികമാറ്റം മുഖേനയും 18 തസ്തികകൾ നേരിട്ടുള്ള നിയമനം മുഖേനയും നികത്തേണ്ടതാണ്. എന്നാൽ 6 തസ്തികകൾ മാത്രമേ ബൈട്രാൻസ്ഫർ നിയമനം വഴി നികത്താൻ സാധിക്കുകയുള്ളൂ എന്നും 7-ാമത്തെ തന്റെ ബൈ ട്രാൻസ്ഫർ നിയമനം അധികരിച്ചു എന്ന കാരണത്താലാണ് 07.07.2023 മുതലുള്ള തന്റെ നിയമനം റദ്ദ് ചെയ്യുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവായിട്ടുള്ളത്. എന്നാൽ 2022 ൽ ഉണ്ടായ എച്ച്.എസ്.എസ്.ടി (ഗണിതം) തസ്തികയിലെ ഒഴിവ് ഭിന്നശേഷി സംവരണത്തിന് മാറ്റിവച്ചിട്ടുണ്ട്. ടി തസ്തികയിലെ നിയമനത്തിന് ഭിന്നശേഷി നിയമനത്തിനേക്കാൾ തനിയ്ക്കാണ് യോഗ്യത എന്ന കാര്യം പരിഗണനയിലെടുത്ത് എച്ച്.എസ്.എസ്.ടി ജൂനിയർ തസ്തികയിലെ 5-ാമത്തെ ഒഴിവിൽ തസ്തികമാറ്റ നിയമനത്തിന് ചട്ടപ്രകാരം അർഹതയുള്ളതിനാൽ 07.07.2023 പ്രാബല്യത്തിൽ തന്റെ നിയമനം അംഗീകരിയ്ക്കണം.

3. വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകൾ പ്രകാരം, കൊച്ചിൻ രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള ഹയർ സെക്കന്ററി സ്കൂളുകളിൽ 2021-22, 2022-23 വർഷങ്ങളിൽ എച്ച്.എസ്.എസ്.ടി ജൂനിയർ തസ്തികകളിൽ 7 ഒഴിവുകളാണ് ഉണ്ടായിട്ടുള്ളത്. സ.ഉ(കൈ) നം111/2022/പൊവിവ തീയതി 25.06.2022, സ.ഉ(കൈ) നം. 16/2023/പാവിവ തീയതി 20.02.2023 എന്നീ ഉത്തരവുകൾക്ക് ശേഷം 2023-24 അധ്യയനവർഷത്തിൽ ആണ് നിലവിൽ ഉണ്ടായിരുന്ന എച്ച്.എസ്.എസ്.ടി ജൂനിയർ തസ്തികകളിൽ മാനേജർ തസ്തികമാറ്റം വഴി നിയമനം നടത്തി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതെന്നും കൊച്ചിൻ കോർപ്പറേറ്റ് ഏജൻസിയുടെ കീഴിലുള്ള ആകെ 25 എച്ച്.എസ്.എസ്.ടി (ജൂനിയർ) തസ്തികകളിൽ സീനിയോറിറ്റി പരിശോധിച്ച് 25 ശതമാനമായ 6 എണ്ണം മാത്രമാണ് തസ്തികമാറ്റം വഴി നിയമനം നടത്തേണ്ടിയിരുന്നത് എന്നുമാണ് ആർ.ഡി.ഡി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. നിലവിൽ ശ്രീമതി ജെന്നി വിൻസെന്റ് എച്ച്.എസ്.എസ്.റ്റി ജൂനിയർ (ഫിസിക്സ്) ആയി 15.02.2019 മുതൽ തസ്തികമാറ്റ നിയമനാംഗീകാരം ലഭിച്ച് ജോലി ചെയ്തുവരുന്നു. ആയതിനാൽ മാനേജർക്ക് തസ്തികമാറ്റം വഴി 5 തസ്തികകളിൽ മാത്രമേ നിയമനം നടത്താൻ കഴിയൂ. എന്നാൽ മാനേജർ 25 ന്റെ 25% 6.25 എന്നത് 6 നിയമനങ്ങൾക്ക് പകരം 7 തസ്തികമാറ്റ നിയമനം തെറ്റായി നൽകിയതായി കണ്ടു എന്നും സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി ലിൻഷ തോലാട്ടിനും (സീനിയോരിറ്റി ലിസ്റ്റ് നം. 83) ശ്രീമതി സിനില ആന്റണിയ്ക്കും (സീനിയോരിറ്റി ലിസ്റ്റ് നം. 89) തസ്തികമാറ്റ നിയമനത്തിന് അർഹതയില്ലാത്തതാണെന്നും, മേൽ 2 എച്ച്.എസ്.എസ്.റ്റി-ജൂനിയർ (കെമിസ്ട്രി) തസ്തികകളും നേരിട്ടുള്ള നിയമനത്തിന് മാറ്റിവയ്ക്കേണ്ടതാണെന്നുമാണ് ശ്രീമതി സിനില ആന്റണി ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് ഹർജി നമ്പർ 39683/2023

വിധിന്യായപ്രകാരം നടത്തിയ ഹിയറിംഗിന് അറിയിച്ചിട്ടുള്ളതെന്നും RDD റിപ്പോർട്ടിൽ പറയുന്നു. ശ്രീമതി സോണിയ ജോർജ്ജിന് 01.01.2022-ൽ തസ്തികമാറ്റ നിയമനം നൽകിയ ഒഴിവ് തസ്തികമാറ്റ നിയമനത്തിന് സാധ്യമല്ലാത്തതിനാലാണ് മാനേജർ സർക്കാർ പ്രതിനിധി ഉൾപ്പെട്ട സെലക്ഷൻ കമ്മിറ്റി വഴി തിരഞ്ഞെടുത്ത് ലീവ് വേക്കൻസിയിൽ ജോലി ചെയ്ത് വന്നിരുന്ന ശ്രീ അജിൽ പി.എ യെ 01.01.2022 മുതൽ എച്ച്.എസ്.എസ്.ടി ജൂനിയർ (കെമിസ്ട്രി) തസ്തികയിൽ നേരിട്ടുള്ള നിയമനം നടത്തി നിയമനാംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നതെന്നും എച്ച്.എസ്.ടി തസ്തികയിലെ സീനിയോരിറ്റി ലിസ്റ്റ് പരിശോധിച്ചതു പ്രകാരം, 25 എച്ച്.എസ്.എസ്.ടി (ജൂനിയർ) തസ്തികകളുടെ 75% ആയ 6 എണ്ണം മാത്രമേ നികത്താൻ കഴിയുള്ളൂ എന്നും സീനിയോറിറ്റി ലിസ്റ്റിൽ ആദ്യം വരുന്ന 6 പേർക്ക് തസ്തികമാറ്റം വഴി നിയമനം നൽകേണ്ടതാണ് എന്നാണു പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ചിരുന്നത്. എച്ച്.എസ്.എസ്.ടി-ജൂനിയർ (കെമിസ്ട്രി) തസ്തിക നേരിട്ടുള്ള നിയമനത്തിന്റെ അർഹത പരിശോധിച്ച് വ്യക്തത വരുത്തിയതിനു ശേഷം ഈ നിയമനം ക്രമപ്രകാരം ആയതിനാൽ ആണ് ശ്രീ അജിൽ പി.എ. യുടെ നിയമനം 26.10.2024-ലെ ഉത്തരവ് പ്രകാരം അംഗീകരിച്ചു നൽകിയത്. 11.12.2024-ലെ HSE/15166/2023/AcdA1 നമ്പർ ഉത്തരവ് പ്രകാരം ഹർജിക്കാരനായ ശ്രീ. ജോസ് അനൂബിനെ നിയമിച്ച എച്ച്.എസ്.എസ്.ടി ജൂനിയർ ഗണിതം ഒഴിവ് ഉണ്ടായത് 01.06.2023 തീയതിയിൽ ആണെന്നും, തസ്തികമാറ്റം വഴിയുള്ള നിയമന ക്വാട്ട പൂർത്തീകരിച്ച ശേഷമുള്ള നിയമനമായതിനാൽ ടി നിയമനാംഗീകാരം റദ്ദ് ചെയ്യണമെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിച്ചിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 31.01.2024-ലെ RDDHSE/EKM/4864/2023-A6 കത്ത് പ്രകാരം ടിയാന്റെ നിയമനാംഗീകാര അപേക്ഷ നിരസിച്ച് നൽകിയിട്ടുണ്ടെന്ന് RDD അറിയിച്ചിട്ടുണ്ട്.

4. ഹിയറിംഗിൽ ഉന്നയിക്കപ്പെട്ട വാദഗതികളുടെയും സമർപ്പിക്കപ്പെട്ട റിപ്പോർട്ടുകളുടെയും ബന്ധപ്പെട്ട ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. ഹർജിക്കാരനായ ശ്രീ ജോസ് അനൂബ് എം.എസ്., കോർപ്പറേറ്റ് മാനേജ്മെന്റിനു കീഴിലുള്ള തോപ്പുംപടി സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിൽ 05.06.2006 മുതൽ യു.പി.എസ്.ടി തസ്തികയിൽ നിയമനാംഗീകാരത്തോടെ തുടരവേ 01.06.2015 മുതൽ എച്ച്.എസ്.ടി (മാത്സ്) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുകയും ടി നിയമനം അംഗീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. പിന്നീട് എച്ച്.എസ്.എസ്.ടി-ജൂനിയർ (ഗണിതം) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി 07.07.2023 മുതൽ മാനേജ്മെന്റിനു കീഴിലുള്ള മറ്റൊരു സ്കൂളിൽ നിയമിച്ചുവെങ്കിലും RDD നിയമനാംഗീകാരം നൽകിയിട്ടില്ല. എച്ച്.എസ്.ടി തസ്തികയിലെ ശമ്പളമാണ് കൈപ്പറ്റി വരുന്നത്. 2022-ൽ നിലവിൽ വന്ന ഒരു എച്ച്.എസ്.എസ്.ടി-ജൂനിയർ (ഗണിതം) തസ്തിക ഭിന്നശേഷി നിയമനത്തിനായി മാറ്റിവച്ചിരിക്കുകയാണെന്നും തസ്തികമാറ്റ നിയമനത്തിന് പരിഗണിക്കേണ്ട ഒഴിവ് ഭിന്നശേഷി നിയമനത്തിനായി മാറ്റിവെച്ചത് നിലവിലുള്ള ഉത്തരവുകൾ പ്രകാരം ക്രമപ്രകാരമല്ലെന്നും 25.06.2022 ലെ സ.ഉ.(കൈ) 111/2022/പൊവിവ നമ്പർ ഉത്തരവ് പ്രകാരം തസ്തികമാറ്റ നിയമനത്തിന് അർഹതപ്പെട്ട അദ്ധ്യാപകന്റെ നിയമനത്തിന് ഭിന്നശേഷി സംവരണം ബാധകമല്ല, നേരിട്ടുള്ള നിയമനങ്ങളിൽ മാത്രമേ ഭിന്നശേഷി സംവരണം ബാധകമാക്കാൻ കഴിയുകയുള്ളൂ എന്നതിനാൽ 2022 ൽ ഉണ്ടായ എച്ച്.എസ്.എസ്.ടി-ജൂനിയർ (ഗണിതം) തസ്തികയിലെ ഒഴിവ് ഹർജിക്കാരനായ ശ്രീ. ജോസ് അനൂബിനെ തസ്തികമാറ്റം മുഖേന നിയമിക്കാൻ അർഹതപ്പെട്ട ഒഴിവായതിനാൽ 2022

അക്കാദമിക വർഷത്തിലുണ്ടായ 4-ാമത്തെ ഒഴിവിൽ തന്നെ നിയമിക്കേണ്ടതും ആയത് ചട്ടങ്ങൾക്ക് അനുസൃതമായതിനാൽ അംഗീകരിക്കപ്പെടേണ്ടതുമാണ് എന്നാണ് ഹർജിക്കാരന്റെ വാദം. എന്നാൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ ഈ വിഷയത്തിൽ നടത്തിയ ഹിയറിംഗിൽ, മാനേജർ ബൈ ട്രാൻസ്ഫർ നിയമനത്തിനുള്ള തസ്തികയാണ് ഭിന്നശേഷി സംവരണത്തിനായി മാറ്റിവച്ചിട്ടുള്ളതെന്ന് അറിയിച്ചിട്ടില്ലെന്നും അതുപ്രകാരമാണ് പൊതു വിദ്യാഭ്യാസ ഡയറക്ടർ മേൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്നുമാണ് പൊതു വിദ്യാഭ്യാസ ഡയറക്ടർ ഹിയറിംഗിൽ അറിയിച്ചത്. ബൈ ട്രാൻസ്ഫർ നിയമനം ലഭിച്ചതിൽ ഒരാൾ വിരമിച്ച സാഹചര്യത്തിൽ ഒരു ഒഴിവ് കൂടി ബൈ ട്രാൻസ്ഫർ നിയമനത്തിന് നിലവിലുണ്ടെന്നാണ് മാനേജർ ഹിയറിംഗിൽ അറിയിച്ചിട്ടുള്ളത്.

5. മേൽ സാഹചര്യത്തിൽ, കൊച്ചിൻ രൂപത കോർപറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിൽ 2022 അധ്യയന വർഷം 2 എച്ച്.എസ്.എസ്.ടി-ജൂനിയർ (ഗണിതം) തസ്തികകൾ ബൈ ട്രാൻസ്ഫർ നിയമനത്തിനായി മാനേജ്മെന്റിനു കീഴിൽ ലഭ്യമായിരുന്നോ എന്നും ആയതിൽ ഭിന്നശേഷി സംവരണത്തിനായി മാറ്റിവച്ച തസ്തികയിലേയ്ക്ക് ശ്രീ.ജോസ് അന്റബ്. എം.എസ് ന്റെ തസ്തികമാറ്റ നിയമനം നൽകാൻ കഴിയുമായിരുന്നോ എന്നും ചട്ടപ്രകാരം പരിശോധിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ 07.07.2023 മുതലുള്ള എച്ച്.എസ്.എസ്.ടി-ജൂനിയർ (ഗണിതം) തസ്തികയിലെ തസ്തികമാറ്റ നിയമനം മറ്റെല്ലാ വിധത്തിലും ക്രമപ്രകാരമെങ്കിൽ അംഗീകരിച്ച നൽകുവാൻ എറണാകുളം ആർ.ഡി.ഡി ക്ക് നിർദ്ദേശം നൽകി ഹർജിക്കാരൻ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള പരാമർശം (1) റിവിഷൻ ഹർജി തീർപ്പാക്കിയും അപ്രകാരം പരാമർശം (2) വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയകുമാർ സി എസ്
ജോയിന്റ് സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം, തിരുവനന്തപുരം
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കന്ററി വിഭാഗം, എറണാകുളം.
മാനേജർ/ശ്രീ.ജോസ് അന്റബ്.എം.എസ്, എച്ച്.എസ്.എസ്.ടി-ജൂനിയർ (മാത്സ്),
സാന്റാക്രൂസ് എച്ച്.എസ്.എസ്, ഫോർട്ട് കൊച്ചി, എറണാകുളം-682 001.
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),കേരള, തിരുവനന്തപുരം
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Shajahan. S
Date: 21-04-2025 15:07:02
സെക്ഷൻ ഓഫീസർ